**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 62 — 09.08.2017-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.മുരളി പെരുനെല്ലി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാഭ്യാസപരമായി ഉന്നതിയിലെത്തിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഈ സർക്കാർ വന്നതിന്ശേഷം വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങളിൽ 25% മുതൽ 100% വരെ വർദ്ധന വരുത്തുകയുണ്ടായി. 2017-18 വർഷത്തിൽ പട്ടികജാതി വകുപ്പ് വിദ്യാഭ്യാസത്തിനായി സംസ്ഥാന പദ്ധതിയിൽ 423 കോടിയും കേന്ദ്രപദ്ധതിയിനത്തിൽ 310 കോടിയും (ആകെ 733 കോടി) വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസത്തിനായി സംസ്ഥാന പദ്ധതിയിൽ 171 കോടി രൂപയും കേന്ദ്രപദ്ധതിയിൽ 27 കോടിയും (ആകെ 198 കോടി) വകയിരുത്തിയിട്ടുണ്ട്.<br>**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നതിക്കായി നടപ്പിലാക്കുന്ന പൊതു പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br>1. നഴ്സറി, പ്രീ മെട്രിക് തലത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, റീ ഇംബേഴ്സ്മെന്റ്, പ്രീ മെട്രിക് സ്റ്റൈപ്പന്റ്.<br>2. പോസ്റ്റ് മെട്രിക് തലത്തിൽ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, ഹോസ്റ്റൽ ചെലവുകൾ.<br>3. എയ്ഡഡ്/സ്വകാര്യ റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി(100% കേന്ദ്രസഹായം). |

| | | | |
|---|---|---|---|
| | | | 4. 9,10 ക്ലാസുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ്(100% കേന്ദ്രസഹായം).<br>5. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് 2.50 ലക്ഷം രൂപ വാർഷികവരുമാനമുള്ള പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക്.<br>6. എം.ബി.ബി.എസ്, ബിഡിഎസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങാൻ ധനസഹായം.<br>7. എഞ്ചിനീയറിംഗ്, മെഡിക്കൽ, ബിരുദ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത ബിരുദവിദ്യാർത്ഥികൾക്കും ലാപ്ടോപ് വാങ്ങാൻ ധനസഹായം.<br>8. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം(മെഡിക്കൽ /എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)<br>9. ശുചീകരണ മേഖലയിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്.<br>10. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.<br>11. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.<br>12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>13. പൊതു പരീക്ഷകളിൽ ഉയർന്ന മാർക്ക്/ഗ്രേഡ് നേടുന്ന നൽകുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.<br>14. പഠനയാത്ര<br>15. വിദ്യാർത്ഥികൾക്ക് റഫറൻസ് ബുക്കുകൾ ലഭ്യമാക്കുന്നതിന് കോളേജുകളിൽ ബുക്ക്ബാങ്ക് സ്കീം(100% കേന്ദ്രസഹായം).<br>16. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ(29 എണ്ണം).<br>17. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ(197 എണ്ണം).<br>18. എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടുന്ന എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്ക് സ്വർണമെഡൽ. |

19. സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്നവർക്ക് 10,000 രൂപ ക്യാഷ് അവാർഡ്.

20. കമ്മ്യൂണിറ്റി പോളിടെക്നിക്ക്.

21. എൻ.ടി.ടി.എഫ് മുഖേന വിദ്യാർത്ഥികൾക്ക് ഡിപ്ലോമ പഠനവും പ്ലേസ്മെന്റും.

22. മത്സരപരീക്ഷ പരിശീലനത്തിന് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, സിവിൽ സർവീസ് കോച്ചിംഗ് സെന്റർ.

23. സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിന് ബിരുദധാരികളെ സജ്ജമാക്കുന്ന ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം 'ക്രസ്റ്റ്' മുഖേന.

24. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സർക്കാർ/എയ്ഡഡ് കോളേജുകളിൽ പ്രത്യേക പരിശീലനം.

25. ഐ.ടി.ഐ.കളിൽ പുതിയ കോഴ്സുകൾ പ്രഭാത-ഉച്ച ഭക്ഷണവും നടപ്പാക്കി.

**ഇതിന് പുറമെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി താഴെപറയുന്ന പ്രത്യേക പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്.**

1. സ്കൂൾ വിദ്യാർത്ഥികൾക്ക് അകലങ്ങളിലുള്ള സ്കൂളുകളിലേക്ക് പോകുന്നതിന് പ്രത്യേക യാത്രാ സൗകര്യം ഏർപ്പാടാക്കുന്ന 'ഗോത്രസാരഥി'പദ്ധതി.
2. വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ട്യൂട്ടോറിയൽ ...
3. യൂണിഫോം വിതരണം.
4. മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് .
5. സങ്കേതങ്ങൾക്കുള്ളിൽ ഏകാധ്യാപക വിദ്യാലയങ്ങൾ, വികാസ് വാടികൾ, കിന്റർഗാർട്ടനുകൾ, ബാലവാടികൾ.
6. സൈനിക സ്കൂൾ, നവോദയാ ... പ്രവേശന പരീക്ഷാ പരിശീലനം.

**പുതിയ പദ്ധതികൾ**

7. പട്ടികവർഗ്ഗ ഊരുകളിൽ വിദ്യാർത്ഥികൾ കൃത്യമായി ഗൃഹപാഠങ്ങൾ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാനും ആധുനിക പഠനോപാധികൾ ഉറപ്പുവരുത്തുന്നതിനും വേണ്ടി 'സാമൂഹ്യ പഠന മുറികൾ' ...

| | | | |
|---|---|---|---|
| | | | വർഷം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സാമൂഹ്യ പഠനമുറിക്ക് അഞ്ച് ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. നൂറ് സാമൂഹ്യ പഠനമുറികളാണ് ഈ വർഷം നിർമ്മിക്കുന്നത്. ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ, ഫർണിച്ചറുകൾ, ലൈബ്രറി എന്നിവ ഇവിടെ ലഭ്യമായിരിക്കും. 15,000 രൂപ ഓണറേറിയത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ട്യൂട്ടറെയും നിയമിക്കും.<br>8. ഈ വർഷം ആരംഭിച്ച ഒരു പുതിയ സംരംഭമാണ് 'ഗ്രോത്രബന്ധു' പദ്ധതി. വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 241 അധ്യാപകരെ നിയമിച്ചു. കൊഴിഞ്ഞുപോക്ക് തടയുക, ചെറിയ ക്ലാസുകളിൽ ഭാഷാപരമായ പ്രശ്നങ്ങൾ പഠനത്തിന് തടസ്സം നിൽക്കുന്നത് ഒഴിവാക്കുക, മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകുന്നതിന് സൗകര്യമൊരുക്കുക എന്നിവയാണ് ഗോത്രബന്ധു അധ്യാപകരുടെ പ്രധാനപ്പെട്ട ദൗത്യം.<br>**പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമായി** ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് നൽകി വരുന്നു.<br>**<u>പാലക്കാട് മെഡിക്കൽ കോളേജ്(IIMS)</u>** |
| (ബി) | ഇതിന്റെ ഭാഗമായി പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണത്തിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസ്.കളുടെയും ഐ.റ്റി.ഐ.കളുടെയും ഹോസ്റ്റലുകളുടെയും നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളുടേയും മെയിന്റനൻസ് പൂർത്തിയാക്കിയിട്ടുണ്ട്.<br>പുതുതായി 12 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ കൂടി നിർമ്മിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു പുതിയ എം.ആർ.എസിന്റെ നിർമ്മാണ നടപടിയും ആരംഭിച്ചു (കോഴിക്കോട് മരുതോങ്കര)<br>പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലസ്-റ്റു ഇല്ലാത്ത 11 സ്കൂളുകളിൽ പ്ലസ്-റ്റു ആരംഭിക്കുവാൻ തീരുമാനിച്ചു. കൊല്ലത്ത് |

| | | | |
|---|---|---|---|
| | | | കുളത്തുപ്പുഴയിലും പാലക്കാട് പെരിങ്ങോട്ടുകുറിശ്ശിയിലും ഈ വർഷം തന്നെ പ്ലസ്-റ്റു ആരംഭിക്കും. |
| (സി) | വീട്ടിൽ സ്വന്തമായി പഠനമുറിയെന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ആഗ്രഹം സഫലമാക്കാനുള്ള 'പഠനമുറി ' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | 2017-18 വർഷം മുതൽ 'പഠനമുറി' പദ്ധതി ആരംഭിക്കുന്നതാണ്. 2017-18 വർഷം 5000 പഠനമുറി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ധനസഹായ തുക 2,00,000 രൂപയാണ്. 120 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ടൈൽ പാകിയ തറ, വൈദ്യുതി, അലമാര, സ്റ്റഡി ടേബിൾ, **2** കസേര, ടേബിൾ ലാമ്പ്, കമ്പ്യൂട്ടർ ടേബിൾ എന്നിവയാണ് പഠനമുറിയിൽ ഉൾപ്പെടുന്ന സൗകര്യങ്ങൾ.<br>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഒരു കിടപ്പുമുറി മാത്രമുള്ള വീടുകൾ, ഒന്നിൽ കൂടുതൽ ഹൈസ്കൂൾ വിദ്യാർത്ഥികളുള്ള വീടുകൾ എന്നിവ മുൻഗണനാ മാനദണ്ഡങ്ങളായിരിക്കും. |

സെക്ഷൻ ഓഫീസർ